# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി 5/1728/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി 5/1728/2023 തീയ്യതി: 01/12/2023

## കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2022 മുതൽ 20-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ ,കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.രബിത. ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രവിത. വി.പി. | പ്രസിഡന്റ് | 01-04-2022 | 27-10-2022 |
| ശ്രീ.ഷിജിത്ത് | പ്രസിഡന്റ് | 28-10-2022 | 31-03-2023 |
| ശ്രീ. വിനോദ് കുമാർ ടി.എം | സെക്രട്ടറി | 01-04-2022 | 19-10-2022 |
| ശ്രീ.റഫീഖ്.സി.കെ | സെക്രട്ടറി | 20-10-2022 | 17-01-2023 |
| ശ്രീ.രാമചന്ദ്രൻ | സെക്രട്ടറി | 18-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജി .കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷബീർ അഹമ്മദ് കെ.എ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മുഹമ്മദ് കമറുദ്ദീൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. സിബി രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. സുഹാസ് കെ. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിമ്മി. എം. കെ. | ഐ.സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ബിജ്ഞന എൻ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. ഷംസുദ്ദീൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഷൈജിത്ത്.ഐ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഷീബ.എം.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 25-07-2022 |
| സോന.പി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26-07-2022 | 31-03-2023 |
| ശ്രീ.റിൻജേഷ് എ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. മുഹമ്മദ് അഷ്കർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ. വിനോദ് കുമാർ ടി.എം | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 01-06-2022 | 19-10-2022 |
| ശ്രീ.റഫീഖ്.സി.കെ | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 20-10-2022 | 28-12-2022 |
| ശ്രീ.സന്ദീപ്.എ | അസിസ്റ്റന്റ് സെക്രട്ടറി | 29-12-2022 | 31-03-2023 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഡെപ്പോസിറ്റ് രജിസ്റ്റർ-കഴിഞ്ഞ വർഷത്തെ നീക്കിയിരിപ്പും ഓഡിറ്റ് വർഷത്തെ മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു . | 1-1-3 |
| 5 | സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യം കണക്കാക്കിയില്ല | 1-1-4 |
| 6 | ഇ-ടെണ്ടർ ഫീ വരവ് | 1-1-5 |
| 7 | ആസ്തികൾ സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല . | 1-1-6 |
| 8 | വായ്പ B16ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | Receivables Of Redemption B-15ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ് മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 16 | ടാക്സ് ഓഡിറ്റ് | 1-7 |
| 17 | മരുന്ന് വിതരണം -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-8 |
| 18 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു | 1-9 |
| 19 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിങ് ചെലവുകൾ - പ്രിന്റിംഗ് ചെലവ് - കൃത്യത ഉറപ്പു വരുത്തുന്നില്ല. | 1-10 |
| 20 | വിനിയോഗ വിവരം ലഭ്യമല്ല . | 1-11 |
| 21 | സാംസ്കാരിക നിലയത്തിലേക്ക് ലാപ് ടോപ്പ്  - കൈമാറിയില്ല | 1-12 |
| 22 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താവിന് രണ്ടു തവണ തുക അനുവദിച്ചു. | 1-13 |
| 23 | ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല | 1-14 |
| 24 | കുടിവെള്ള പദ്ധതികൾ-പ്രൊജക്ടുകൾ സമഗ്രമല്ല- ഫലപ്രാപ്തി നിരീക്ഷിക്കപ്പെടുന്നില്ല | 1-15 |

| | | |
|---|---|---|
| 25 | പൂരകപോഷകാഹാരം Food Products ന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല . | 1-16 |
| 26 | വാങ്ങലുകൾ - സംവിധാനം കാര്യക്ഷമമല്ല | 1-17 |
| 27 | വയോജനക്ഷേമം കട്ടിൽ വിതരണം -ആവശ്യത്തിലധികം കട്ടിൽ വാങ്ങി | 1-18 |
| 28 | മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം -ലാപ്ടോപ്പ് ഇതുവരെ ഉപയോഗപ്പെടുത്തിയില്ല . | 1-19 |
| 29 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-20 |
| 30 | കരാറിലെ വ്യവസ്ഥകൾ കാലാനുസൃതമല്ല | 1-21 |
| 31 | ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയില്ല | 1-22 |
| 32 | മാലിന്യ നിർമ്മാർജ്ജനം - ഇടപെടലുകൾ ഇല്ല | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താവിന് രണ്ടു തവണ തുക അനുവദിച്ചു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപത്തിന്റെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ തിയ്യതിയിലെ 20.06.2023 ലെ 1ാം നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 5/07/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം. സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ഡെപ്പോസിറ്റ് രജിസ്റ്റർ-കഴിഞ്ഞ വർഷത്തെ നീക്കിയിരിപ്പും ഓഡിറ്റ് വർഷത്തെ മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു .

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ 2021-22 ൽ അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ളത് 49,500/- രൂപയാണ് എന്നാൽ 22-23 ൽ മുന്നിരിപ്പായി കാണിച്ചത് 59,500/- രൂപയാണ് .

1-1-4 സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യം കണക്കാക്കിയില്ല

ബി-14 - ൽ സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യമായ 14,192/- രൂപ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

1-1-5 ഇ-ടെണ്ടർ ഫീ വരവ്

ഇ-ടെണ്ടർ ഫോറത്തിനു ലഭിച്ച വരവ് അക്കൗണ്ട് ചെയ്തിട്ടില്ല .

1-1-6 ആസ്തികൾ സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല .

തൻവർഷം, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വാങ്ങിയ ലാപ്പ്ടോപ്പുകൾ ഒന്നും ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 വായ്പ B16ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല

വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കി ഉള്ള തുകയുടെ വിവരം B5 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ട് . ആയത് B16 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല .

1-1-8 Receivables Of Redemption B-15ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

Receivables Of Redemption പ്രകാരം രണ്ടു ട്രഷറി അക്കൗണ്ടുകളിൽ നിന്നായി തൻവർഷം കുറവ് ചെയ്തു 20,20,018/-രൂപ ബാലൻസ്ഷീറ്റിൽ B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. കുറവ് ചെയ്ത തുക ഏപ്രിൽ 4 ന് അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ട് .

1-1-9 നീക്കിയിരിപ്പിൽ വ്യത്യാസം

റീകൺസിലിയേഷൻ പത്രികയിൽ ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പായി കാണിച്ച തുകകളിൽ വ്യത്യാസം

| അക്കൗണ്ട് നമ്പർ | റീകൺസിലിയേഷൻപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് | അക്കൗണ്ടിലെ നീക്കിയിരിപ്പ് |
|---|---|---|
| 50100388364108 | 7069192 | 4985086-ബാങ്ക് ബുക്ക് പ്രകാരം |
| TSB-142736 | 58601 | 0-സ്റ്റേറ്റ്മെന്റ് പ്രകാരം |

1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തിയ്യതിയിലെ 01/ 01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 17/02/2023 തിയ്യതിയിലെ 11/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്ക്

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 27,58,361 |
| വരവ് | 32,97,87,594 |
| ആകെ | 33,25,45,955 |
| ചെലവ് | 33,10,40,829 |
| നീക്കിയിരിപ്പ് | 15,05,126 |

1-3 സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ് മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,08,78,243 |
| വരവ് | 3,31,88,309 |
| ആകെ | 5,40,66,552 |
| ചെലവ് | 2,93,08,172 |
| നീക്കിയിരിപ്പ് | 2,47,58,380 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- (ജനറൽ) | | 1,82,24,000 | 1,82,24,000 | 1,64,61,649 | 17,62,351 |
| വികസന ഫണ്ട്- എസ്.സി.പി | | 84,26,000 | 84,26,000 | 79,53,264 | 4,72,736 |
| മെയിന്റനൻസ്, റോഡ് | | 94,14,000 | 94,14,000 | 77,12,942 | 17,01,058 |
| മെയിന്റനൻസ്, നോൺ-റോഡ് | | 49,49,000 | 49,49,000 | 32,40,502 | 17,08,498 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 0 | 9,49,504 | 9,49,504 | 1,77,108 | 7,72,396 |

| | | | | | |
|---|---|---|---|---|---|
| (ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് ബാങ്ക് മുഖേന | 24,39,148 | 41,83,000 | 66,22,148 | 38,79,334 | 27,42,814 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 5,39,960 | 5,39,960 | 4,07,007 | 1,32,953 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് ബാങ്ക് മുഖേന (പലിശ) ഉൾപ്പടെ | 10,85,738 | 30,22,654 | 38,74,738 | 16,82,923 | 21,91,815 |

ACR പ്രകാരം CFC (Tied) ,(Untied) ഇനങ്ങളിലെ ചെലവ് 3566476/- 2225419/-രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 5782655/- രൂപയാണ് .

## 1-5 പദ്ധതി അവലാകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 165 | 96659981 | 115 | 46302914 | 50 | 69.7 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 8 | 58,35,448 | 34,26,389 | |
| വെറ്ററിനറി സർജൻ | 2 | 2 | 10,25,000 | 7,12,500 | |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 10 | 8 | 29,06,591 | 22,41,471 | |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 7,00,000 | 7,00,000 | |
| വില്ലേജ് എക്സ്റ്റൻഷൻ | 14 | 8 | 3,73,00,605 | 83,21,465 | |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ-1 | | | | | |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 50,00,00 | 5,00,000 | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 54,07,463 | 46,11,110 | |
| സെക്രട്ടറി | 41 | 26 | 1,02,58,693 | 56,67,305 | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 31,20,000 | 29,49,631 | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 44 | 2,75,16,781 | 1,52,32,078 | |
| അസി.സെക്രട്ടറി | 3 | 3 | 8,25,000 | 6,89,915 | |
| ഹെഡ് മാസ്റ്റർ | 5 | 5 | 12,64,400 | 12,51,050 | |
| | 165 | 115 | 9,66,59,981 | 4,63,02,914 | |

ഡി.പി.സി. അഗീകാരം ലഭിച്ച 165 പ്രൊജക്ടുകളിൽ 115 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 9,66,59,981/-രൂപ വകയിരുത്തിയതിൽ 4,63,02,914/- രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2023 ന് 4.00 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,687/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-7 ടാക്സ് ഓഡിറ്റ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. ഗ്രാമപഞ്ചായത്തുകൾക്ക് പിരിച്ചെടുക്കാൻ അധികാരപ്പെട്ട നികുതികൾ വസ്തു നികുതി, തൊഴിൽ നികുതി, സർവ്വീസ് ഉപനികുതി എന്നിവയാണ്. എന്നാൽ നിലവിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ മാത്രമാണ് ഈടാക്കുന്നത്. നിലവിൽ ഡിമാന്റ് ചെയ്യപ്പെടുന്ന തുക 100% പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കുന്നുണ്ടെങ്കിലും ഡിമാന്റ് പൂർണ്ണമാക്കുന്നതിനുള്ള നടപടി ഉണ്ടാവേണ്ടതുണ്ട്. ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

വസ്തു നികുതി

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ 15

വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 7247 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 4109 കെട്ടിടങ്ങളുമാണ് ഉള്ളത്. 01.04.23 ന് ശേഷം ഓഡിറ്റ് തിയതിവരെ 230 നിയമാനുസൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

ഫീൽഡ്തല പരിശോധനകൾ

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം സാങ്കേതികയോഗ്യതയുള്ള 6 പേരെ നിയമിച്ച് കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി വരുന്നു. നാല് വാർഡുകളിലെ 950 കെട്ടിടങ്ങളുടെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ഇതുവരെ ലഭ്യമായ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ചിട്ടില്ല.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (5)ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമകൾക്ക് നൽകിയിട്ടില്ല.

ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 (1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21 (1) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.

തൊഴിൽനികുതി

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൻവർഷം തൊഴിൽ നികുതിയുടെ ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് പൂർണ്ണമാക്കുന്നതിന് തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ, സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

നിലവിൽ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക / പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ പ്രാദേശിക / പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ആയത് പ്രകാരം

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണ സമിതിക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഫീൽഡ് പരിശോധന എത്രയും വേഗം പൂർത്തിയാക്കേണ്ടതും വിവര ശേഖരണം നടത്തിയതിൽ മാറ്റം വരുത്തിയതായി കണ്ടെത്തിയ കെട്ടിടങ്ങളുടെ നികുതി എത്രയും വേഗം സഞ്ചയയിൽ പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.
2.വാണിജ്യ കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുന്നതോടൊപ്പം പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ, ജീവനക്കാരുടെ, ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ ശേഖരിക്കാവുന്നതാണ്.
3.അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
5. തൊഴിൽ നികുതി ഡിമാന്റ് നൂറ് ശതമാനം കൈവരിക്കുന്നതിന് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.
6. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7.നികുതികളുടെ കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-8 മരുന്ന് വിതരണം -മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി 5,00,000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് മുൻകൂറായി നൽകിയിട്ടുണ്ട് . മുൻകൂറായി നൽകിയ തുകയുടേയും ലഭ്യമായ മരുന്നിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു .

| പ്രോജക്ട് നമ്പർ, പദ്ധതിയുടെ പേര് | തുക മുൻകൂറായി നൽകിയ ബിൽ നമ്പർ, തിയ്യതി | മുൻകൂറായി നൽകിയ തുക | ലഭ്യമായ മരുന്നിന്റെ ഇൻവോയിസ് നമ്പർ | തുക |
|---|---|---|---|---|
| 96, ഗവ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 75<br>തി .14.10.22 | 500000 | എൽ.എഫ് 1254<br>തി 7.9.23 | 1,64,677 |
| | | | എൽ.എഫ് 319<br>തി 20.06.23 | 1,95,626 |
| ആകെ ലഭ്യമായത് 3,60,303 രൂപയുടെ മരുന്നുകൾ | | | | |

ഇതുവരെ 3,60,303 രൂപയുടെ മരുന്നുകളാണ് ലഭ്യമായത്. അവശേഷിക്കുന്ന 1,39,697/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 1,39,697/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-9 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു

പ്രൊജക്റ്റ് നമ്പർ 174/22-23

തുക 1,19,544

ബിൽ സാങ്ഷൻ നമ്പർ 326/31.03.23

കല്ലിൽ മീത്തൽ കുടിവെള്ള പദ്ധതിയ്ക്ക് ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി 1,19,544/- രൂപ പേരാമ്പ്ര നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ നമ്പർ ജി.ഒ(കൈ)84/22/തിയതി 19.4.22, ഖണ്ഡിക 12.2(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂറായി നൽകാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല ഡെപ്പോസിറ്റ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. പേരാമ്പ്ര നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനീയറുടെ 08.02.23 ലെ DB/NO.8/22-23 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കത്തിൽ സൂചിപ്പിച്ച തുക ഡെപ്പോസിറ്റ് ചെയ്യുകയാണുണ്ടായത്. മാത്രമല്ല ബന്ധപ്പെട്ട സ്ഥാപനവുമായി കരാർ വെക്കാതെയാണ് തുക നൽകിയിട്ടുള്ളത് എന്ന് കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 9 /22-23 തിയതി 31.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 1,19,544/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-10 പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിങ് ചെലവുകൾ - പ്രിന്റിംഗ് ചെലവ് - കൃത്യത ഉറപ്പു വരുത്തുന്നില്ല.

നിർവ്വഹണം : സെക്രട്ടറി

തുക : ബിൽ സാങ്ഷൻ നമ്പർ, തിയതി

23055 : 64/20.09.22

85855 : 52/01.09.22

12050 : 128/24.12.22

11480 : 183/06.02.23

17440 : 224/06.03.23

11750 : 278/27.03.23

========

1,61,630

തൻ വർഷം പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിറ്ററിങ് ഇനത്തിലുള്ള ചെലവുകൾക്കായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 93960/- രൂപ പ്രിന്റിങ് ചാർജ് ഇനത്തിലുള്ളതാണ്. ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വിവിധ പ്രിന്റിങ് ജോലികൾ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ നിർവ്വഹിക്കുന്നതിന് ക്ഷണിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രേയസ് പ്രിന്റിംഗ് പ്രസ്സ് , മുയിപ്പോത്ത് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. റണ്ണിങ്ങ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ മേൽ സ്ഥാപനത്തെ അംഗീകരിച്ചിട്ടുണ്ടെങ്കിലും സമർപ്പിച്ച ക്വട്ടേഷൻ, സ്ഥാപനത്തിന്റെ ബിൽ എന്നിവ പരിശോധിച്ചതിൽ ഫോറങ്ങൾ, നോട്ടീസുകൾ, അപേക്ഷകൾ എന്നിവയ്ക്കു മാത്രമാണ് റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ളത് . കരട് പദ്ധതി രേഖ, പദ്ധതി രേഖ, സ്റ്റാറ്റസ് റിപ്പോർട്ട്, ദുരന്ത നിവാരണ പദ്ധതി രേഖ തുടങ്ങിയ ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനുള്ള റേറ്റ് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടില്ല. ക്വട്ടേഷൻ നോട്ടീസ് ലഭ്യമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഫോറങ്ങൾക്ക് മാത്രമാണോ ക്വട്ടേഷൻ ക്ഷണിച്ചത് എന്നും വ്യക്തമല്ല. ആയതിനാൽ തന്നെ ബുക്കുകൾ പ്രിന്റ് ചെയ്തതിന് ഏത് നിരക്കിലാണ് തുക അനുവദിച്ചതെന്നും വ്യക്തമല്ല.

2. പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിങ് എന്നിവയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം വിവിധ ബുക്കുകൾ പ്രിന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയവ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ഇനം | എണ്ണം | ചെലവു തുക |
|---|---|---|
| സ്റ്റാറ്റസ് റിപ്പോർട്ട് | വ്യക്തമല്ല 1 | 5,000 |
| പദ്ധതി രേഖ | 22 | 8,500 |
| കരട് പദ്ധതി രേഖ | രേഖപ്പെടുത്തിയിട്ടില്ല | 7,600 |
| ദുരന്ത നിവാരണ പദ്ധതി രേഖ | രേഖപ്പെടുത്തിയിട്ടില്ല | 2,350 |
| അന്തിമ പദ്ധതി രേഖ | രേഖപ്പെടുത്തിയിട്ടില്ല | 7,200 |

മേൽ സൂചിപ്പിച്ച പ്രകാരം ബുക്കുകൾ പ്രിന്റ് ചെയ്തതിന് കരാറുകാരന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും എത്ര എണ്ണമാണ് ഓരോന്നിലും പ്രിന്റ് ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 30650/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-11 വിനിയോഗ വിവരം ലഭ്യമല്ല .

ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽപെട്ട 6 ഉം പട്ടികജാതി വിഭാഗത്തിൽപെട്ട 8 ഉം PMAY ഗുണഭോക്താക്കൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് പ്രോജക്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ലൈഫ് പി.എം.എ.വൈ -ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ-പട്ടികജാതി | ലൈഫ് പി.എം.എ.വൈ -ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ -ജനറൽ |
|---|---|---|
| പ്രോജക്ടിന്റെ നമ്പർ | 41/23 | 40/23 |
| അടങ്കൽ | 5,11,180/- | 3,80,000 |
| ചെലവ് | 4,41,180/- | 3,80,000 |
| ബിൽ നമ്പർ നം | 96/22.11.22-210000<br>116/16.12.22-91180<br>172/1.2.23-140000 | 95/21.11.22-170000<br>115/16.12.22-140000<br>170/1.2.23-70000 |

കൈമാറിയ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 8,21,180/-

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12 സാംസ്കാരിക നിലയത്തിലേക്ക് ലാപ് ടോപ്പ് - കൈമാറിയില്ല

പ്രൊജക്റ്റ് നമ്പർ : 179/22-23

നിർവ്വഹണം : സെക്രട്ടറി

തുക : 87,946/-

ബിൽ സാങ്ഷൻ നമ്പർ : 319/29.03.23

എടച്ചേരിച്ചാൽ സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചറുകൾ, ലാപ്പ്ടോപ്പ് എന്നിവയ്ക്കായി 1,87,963/- രൂപ അടങ്കൽ (മെയിന്റനൻസ് റോഡിതരം) നിശ്ചയിച്ച് പ്രൊജക്ടിന് അംഗീകാരം വാങ്ങുകയും ഈയിനത്തിൽ 87,946/- രൂപ സാധനങ്ങൾ സമാഹരിച്ച വകയിൽ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 40,704/- രൂപയ്ക്ക് 'ആർട്ട്കോ' യിൽ നിന്നും ഫർണ്ണിച്ചറും 47,242/- രൂപയ്ക്ക് 'കടവിൽ ഇൻഫോടെക്' എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പും വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇൻവോയിസ് നമ്പർ KAD-22/23-0881 തിയതി 21.03.23 പ്രകാരം 'കടവിൽ ഇൻഫോടെക്' എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ലാപ്ടോപ്പ് (Acer, Core 13/8 GB Ddr4 Ram 512 GB Window 11 Pro) നാളിതുവരെ സാംസ്കാരിക നിലയത്തിന് കൈമാറിയിട്ടില്ല. 3 വർഷ വാറന്റിയുള്ള ലാപ്ടോപ്പിന്റെ 7 മാസത്തെ കാലാവധി ഉപയോഗിക്കാതെ തന്നെ കഴിഞ്ഞ അവസ്ഥയാണുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 11 /22-23 തിയതി 31.10.23), പ്രൊജക്ടറിനു കൂടി തുക വകയിരുത്തിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയതെന്നും അടങ്കൽ തുകയിലുള്ള കുറവ് കാരണം പ്രൊജക്ടർ വാങ്ങിയിട്ടില്ലെന്നും പ്രൊജക്ടർ വാങ്ങുന്നതിനുള്ള പ്രൊജക്റ്റ് അടുത്ത വർഷത്തിൽ രൂപീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ലാപ്ടോപ്പ് കൂടി അനുവദിക്കുന്നതാണ് എന്നുമാണ് വാക്കാൽ ലഭ്യമാക്കിയ മറുപടി. എന്നാൽ 1,87,963/- രൂപ അടങ്കലിൽ രൂപീകരിച്ച പ്രൊജക്ടിൽ 87,946/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്നാൽ മേൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ആവശ്യകത നിർണ്ണയിക്കാതെ പ്രൊജക്റ്റ് രൂപീകരിച്ച് തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. ലാപ്ടോപ്പിനായി ചെലവഴിച്ച തുക 47,242/- രൂപ തടസ്സപ്പെടുത്തുന്നു.

1-13 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താവിന് രണ്ടു തവണ തുക അനുവദിച്ചു.

പ്രൊജക്റ്റ് നമ്പർ : 93/22-23

നിർവ്വഹണം : ഹെഡ് മിസ്ട്രസ്

ചെലവു തുക : ബിൽ സാങ്ഷൻ നമ്പർ, തിയതി

2,30,000 : 267/17.03.23

3,55,000 : 315/28.03.23

എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന മേൽ പ്രൊജക്റ്റ് പ്രകാരം 25 ഗുണഭോക്താക്കൾക്ക് അവർ പഠനം നടത്തുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അതാത് ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ശ്രീ.ഡിസ്നശ്രീ.ഡി.എസ് എന്ന ഗുണഭോക്താവിന് രണ്ടു തവണ സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നു. 267/17.03.23 ട്രഷറി ബിൽ സാങ്ഷൻ നമ്പർ പ്രകാരം 2,30,000/-രൂപയിൽ ക്രമ നമ്പർ 6 പ്രകാരം(list Of Beneficieries) കനറാ ബാങ്കിലുള്ള 4412221003137 നമ്പർ അക്കൗണ്ടിലേക്ക് 20,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുടർന്ന് 315/28.03.23 ട്രഷറി ബിൽ സാങ്ഷൻ നമ്പർ പ്രകാരം വീണ്ടും തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 20,000/- രൂപ രണ്ട് തവണ മേൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(ഓഡിറ്റ് എൻക്വയറിനം. 2/22-23 തിയതി 28.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 20,000/- രൂപ ഗുണഭോക്താവിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസി എഞ്ചിനീയർ

2014-15 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ ടെണ്ടർ മുഖേനയും നടത്തി വരുന്നുണ്ട്. അന്നു മുതൽ നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ആരംഭ കാലത്ത് ഫീസ് തുക തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഇ-ടെണ്ടറിനായി ആരംഭിച്ച പ്രത്യേക അക്കൗണ്ടിലായിരുന്നു വരവു വന്നിരുന്നത്. തുടർന്ന് അസി.എഞ്ചിനീയർ ഇതിനായി അക്കൗണ്ട് ആരംഭിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ 2023-24 വർഷത്തിൽ മാത്രമാണ് ഇതിനായി ഒരു അക്കൗണ്ട് സ്ഥാപനത്തിൽ ആരംഭിച്ചത്. ഇതുകൊണ്ട് തന്നെ ഓഡിറ്റ് വർഷം വരെയുള്ള ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വയ്ക്കപ്പെട്ടത്. ഈ തുക സമയബന്ധിതമായി ആവശ്യപ്പെടാനോ ഈടാക്കി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനോ സ്ഥാപനം ശ്രമിച്ചിട്ടില്ല. കൂടാതെ, ഫീസ് ലഭിക്കുന്നതിനനുസരിച്ച് ഈ ഇനത്തിൽ വർഷങ്ങളായി അക്കൗണ്ടിൽ ഡിമാന്റ് അക്രൂ ചെയ്യാത്തതിനാൽ മേൽ തുക പൂർണ്ണമായും പഞ്ചായത്ത് അക്കൗണ്ടിന് പുറത്താണുള്ളത്. ഇതു മൂലം ലഭിക്കേണ്ട തുക മുഴുവൻ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ലെന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്.

എഞ്ചിനീയറുടെ ഓഫീസ് ലഭ്യമാക്കിയ കണക്കു പ്രകാരം താഴെ കൊടുത്ത പ്രകാരമുള്ള തുകകൾ സ്ഥാപനത്തിന് ലഭിക്കേണ്ടതുണ്ട്.

| വർഷം | തുക |
|---|---|
| 2018-19 | 24,300 |
| 2020-21 | 69,851 |
| 2021-22 | 62,495 |
| 2022-23 | 43,120 |
| ആകെ | 1,99,766/- |

2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിലും 2019-20 വർഷത്തിലും ലഭിക്കേണ്ട തുകയുടെ വിശദാംശം സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. ഈ വിവരം കൂടി പരിശോധിച്ച് ആകെ ലഭിക്കേണ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതും നാളിതുവരെ തുക ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതുമാണ്.

1-15 കുടിവെള്ള പദ്ധതികൾ-പ്രൊജക്ടുകൾ സമഗ്രമല്ല- ഫലപ്രാപ്തി നിരീക്ഷിക്കപ്പെടുന്നില്ല

നിർവ്വഹണം-അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷം താഴെ കൊടുത്ത കുടിവെള്ള പദ്ധതികൾക്ക്/പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പ്രൊജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ ചിലതിന് തുക ചെലവഴിച്ചതായും മറ്റുള്ളവയ്ക്ക് യാതൊരു തുകയും വിനിയോഗിക്കാത്തതായും കാണുന്നു.

| ക്രമ നം | പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവുതുക |
|---|---|---|---|
| 1 | 115/23 കല്ലിൽ മീത്തൽ കുടിവെള്ള പദ്ധതി | 5,00,000 | 4,93,074 |
| 2 | 53/23 മഞ്ചേരി തറവട്ടത്ത് കുടിവെള്ള പദ്ധതി കിണർ ടാങ്ക് നിർമ്മാണം-സ്പിൽ ഓവർ | 3,38,079 | 1,77,108 |
| 3 | 62/23 മഞ്ചേരി തറവട്ടത്ത് കുടിവെള്ള പദ്ധതി പൂർത്തീകരണം-സ്പിൽ ഓവർ | 1,70,040 | 55,014 |
| 4 | 60/23 പൈക്കാട്ടുകുന്ന് കുടിവെള്ള പദ്ധതി പുനരുദ്ധാരണം-സ്പിൽ ഓവർ | 6,00,000 | 5,44,686 |
| 5 | 61/23 കൊത്തങ്കോട്ട് പാറ കുടിവെള്ള പദ്ധതി -സ്പിൽ ഓവർ | 8,50,853 | 8,50,853 |
| 6 | 18/23 കൊത്തങ്കോട്ട് പാറ കുടിവെള്ള പദ്ധതി പൂർത്തീകരണം | 15,91,600 | 14,69,953 |
| 7 | 171/23 കൊത്തങ്കോട്ട് പാറ കുടിവെള്ള പദ്ധതി പൂർത്തീകരണം | 10,00,000 | ചെലവില്ല |
| 8 | 172/23 മഞ്ചേരി തറവട്ടത്ത് കുടിവെള്ള പദ്ധതി പൂർത്തീകരണം-2 ആം ഘട്ടം | 5,00,000 | ചെലവില്ല |
| 9 | 52/23ചാലിയനകണ്ടി കുടിവെള്ള പദ്ധതി -സ്പിൽ ഓവർ | 2,73,795 | ചെലവില്ല |
| 10 | 67/23 പൂളക്കൂൽ രയരോത്ത് കുന്ന് കുടിവെള്ള പദ്ധതി-സ്പിൽ ഓവർ | 1,54,522 | ചെലവില്ല |
| 11 | 114/23 പൂളക്കൂൽ രയരോത്ത് കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ | 55,000 | ചെലവില്ല |

| | | | |
|---|---|---|---|
| 12 | 117/23 മൈലാടി കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും | 3,00,000 | ചെലവില്ല |
| 13 | കുണ്ടൂത്തറ കോളനി കുടിവെള്ള പദ്ധതി നവീകരണം | 27,600 | ചെലവില്ല |

ഈ പദ്ധതികൾ മിക്കതും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടില്ലെന്ന് പദ്ധതികളുടെ പേരും ചെലവു വിവരവും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇവയുടെ ആവശ്യകതയും മുൻഗണനയും എപ്രകാരം നിശ്ചയിക്കപ്പെട്ടെന്ന കാര്യം സ്റ്റാററസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് മിനിട്സ്, പ്രൊജക്ട് എന്നിവയിൽ നിന്നും വ്യക്തവുമല്ല. പ്രൊജക്ടുകൾ സമയബന്ധിതമായി നിർവ്വഹിക്കാപ്പെടാത്തത് അത് അനിവാര്യമല്ലാത്തതുകൊണ്ടു കൂടിയാണെന്ന കാണാം. പ്രൊജക്ടുകൾക്ക് തുക വിനിയോഗിക്കുമ്പോൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് ഇല്ലെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നുണ്ട്. ആരാലും നിരീക്ഷിക്കപ്പെടാതെ ചെലവുതുക പാഴാവുന്ന സ്ഥിതിവിശേഷം പദ്ധതികളുടെ കാര്യത്തിലുണ്ട്.

പ്രൊജക്ടുകൾ സമഗ്രമല്ല

8 പദ്ധതികൾക്കായി 13 പ്രൊജക്ടുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് മേൽ വിവരങ്ങളിൽനിന്നും വ്യക്തമാകുന്നു. മഞ്ചേരി തറവട്ടത്ത്, കൊത്തങ്കോട്ട് പാറ എന്നീ പദ്ധതികൾക്ക് മൂന്നു വീതവും പൂളക്കൽ രയരോത്ത് കുന്ന് പദ്ധതിക്ക് രണ്ടും പ്രൊജക്ടുകൾ രൂപീകരിച്ചതായി കാണാം. പ്രൊജക്ടു രൂപീകരണ തത്വങ്ങൾക്ക് വിരുദ്ധമായാണ് ഇവ രൂപീകരിക്കപ്പെട്ടതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകൾ അവ ലക്ഷ്യം വയ്ക്കുന്ന ഫലപ്രാപ്തി ലഭ്യമാകും വിധം എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി രൂപീകരിക്കണമെന്നിരിക്കെ, ഓരോ വർഷവും ഒന്നിൽ കൂടുതൽ എന്ന കണക്കിൽ നിരവധി പ്രൊജക്ടുകൾ രൂപീകരിച്ചത് ശരിയല്ല. ഒരു വർഷം കൊണ്ട് മുഴുവൻ തുകയും കണ്ടെത്താൻ കഴിയാതെ വരികയോ പണിപൂർത്തീകരിക്കാൻ കഴിയില്ലയെങ്കിലോ ബഹുവർഷ പ്രൊജക്ടായി ഇവ വിഭാവനം ചെയ്യണമെന്ന് ആസൂത്രണ മാർഗ്ഗരേഖകളിൽ നിഷ്കർഷിക്കുന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഇതിനെല്ലാമുപരി ക്രമ നം 2, 5 എന്നിവയുടെ കാര്യത്തിൽ ഒരേ വർഷം ഒന്നിൽ കൂടുതൽ പുതിയ പ്രൊജക്ടുകൾ രൂപീകരിക്കപ്പെട്ടത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. ഓരോ പദ്ധതിയുടേയും വിവിധ പ്രൊജക്ടുകൾ ഒരേ കരാറുകാരന് ലഭിക്കുന്നത് ടെണ്ടർ നടപടികളിലെ സുതാര്യതയില്ലായ്മ കൂടി പ്രകടമാക്കുന്നതായി കാണാം.

മേൽ അപാകതകൾക്ക് വിശദീകരണം നല്കുന്നതിനൊപ്പം ഈ പദ്ധതികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കേണ്ടതുമാണ്.

## 1-16 പൂരകപോഷകാഹാരം Food Products ന് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തില്ല .

പഞ്ചായത്ത് പരിധിയിലെ 27 അംഗൻവാടികളിലെ പ്രീ - സ്കൂൾ കുട്ടികൾക്കും , ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, 3 വയസ്സു വരെയുള്ള കുട്ടികൾക്കും കൗമാര പ്രായക്കാരായ കുട്ടികൾക്കും പോഷകാഹാരം വിതരണവും, 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്ക് അമൃതം പൊടിയും ക്രാഡിൽ പദ്ധതിയുടെ ഭാഗമായുള്ള പുതിയ മെനു പ്രകാരം പ്രാതൽ ഭക്ഷണം, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ഗ്യാസ് റീഫില്ലിംഗ് ചാർജ്ജ് എന്നിവ നൽകുന്നതിനാണ് പ്രോജക്ട് .

അങ്കണവാടികളിൽ വരുന്ന കുട്ടികൾക്കുള്ള പോഷകാഹാര വിതരണത്തിനായി SAMPOORNA FOOD PRODUCTS, SNEHA FOOD PRODUCTS എന്നിവയിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയത്. പോഷകാഹാര വിതരണത്തിനായി 2 പ്രോജക്ടാണ് പഞ്ചായത്തിൽ നടപ്പിലാക്കിയത് .

CGST Act, 2017 ലെ സെക്ഷൻ 5(1) വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും

സ്രോതസ്സിൽ നിന്നും ഒരു ശതമാനം കുറവു ചെയ്യേണ്ടതാണ്. SGST Act 2017 ലെ സെക്ഷൻ 5(1) ലും സമാന വ്യവസ്ഥയുണ്ട്. ആയതിനാൽ CGST,SGST ഇനത്തിൽ ഒരു ശതമാനം വീതം (ആകെ 2 ശതമാനം വീതം ) ഈടാക്കാൻ വ്യവസ്ഥയുണ്ട് .

എന്നാൽ അംഗൻവാടി അനുപൂരക പോഷകാഹാര വിതരണത്തിനായി SAMPOORNA, SNEHA എന്നീ Food Products കൾക്ക് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

I.പ്രോജക്ട് നമ്പർ 20 പ്രകാരമുള്ള പോഷകാഹാര വിതരണത്തിൽ ഉൾപ്പെട്ട ന്യൂട്രിമിക്സിന്റെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 20

പ്രോജക്ട് അങ്കണവാടി പൂരക പോഷകാഹാരപരിപാടി

വകയിരുത്തിയത് 3000000

ചെലവ് 3000000

| Bill No, Date & തുക | Invoice No & Date | തുക | ട്രാൻസ്പോർട്ടേഷൻ | CGST@ 2.5% | SGST 2.5% | ന്യൂട്രി മിക്സിന് അനുവദിച്ച തുക | ഈടാക്കേണ്ട ജി.എസ്.ടി .ടി.ഡി.എസ് @2% |
|---|---|---|---|---|---|---|---|
| 15/18.6.22 694710/- | 261/---- | 154035 | 2200 | 3850.87 | 3850.87 | 163936 | 3081 |
| | 264 /16.3.22 | 160641 | 2294 | 4016 | 4016 | 170967 | 3213 |
| | 270/27.4.22 | 159941 | 2284 | 3998.5 | 3998.5 | 170222 | 3199 |
| | 288/---- | 94736 | 1353 | 2368 | 2368 | 100825 | 1895 |
| | 263/----- | 178132 | 2544 | 4453 | 4453 | 189585 Passed 88760 | 3562 |
| 77/ 26.10.22- 105889 | 289/27.8.22 | 115053 | 1643 | 2876 | 2876 | 122449 | 2301 |
| 279/27.3.23- 1103825 | 296/23.10.22 | 124976 | 1785 | 3124 | 3124 | 133010 | 2500 |
| | 15/7.2.23 | 128992.5 | 1842 | 3224.8 | 3224.8 | 137283 | 2580 |
| | 8/5.1.23 | 120723 | 1724 | 3018 | 3018 | 128483 | 2414 |
| | 22/18.3.23 | 127338.7 | 1819 | 3183 | 3183 | 135524 | 2547 |

| | |
|---|---|
| ആകെ കുറവ് | 27292 |

Ii.പ്രോജക്ട് നമ്പർ 19 പ്രകാരമുള്ള പോഷകാഹാര വിതരണത്തിൽ ഉൾപ്പെട്ട ന്യൂട്രിമിക്സിന്റെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 19

പ്രോജക്ട് അങ്കണവാടി പൂരക പോഷകാഹാരപരിപാടി

വകയിരുത്തിയത് 700000

ചെലവ് 700000

| Bill No, Date & തുക | Invoice No & Date | തുക | CGST@ 2.5% | SGST 2.5% | ന്യൂട്രിമിക്സിന് അനുവദിച്ച തുക | ഈടാക്കേണ്ട ജി.എസ്.ടി .ടി.ഡി.എസ് @2% |
|---|---|---|---|---|---|---|
| 46/23.8.22 - 426974/- | 118/14.6.22 | 47958 | 1199 | 1199 | 50356 | 959 |
| ആകെ കുറവ് | | | 959 | | | |

പോഷകാഹാര വിതരണത്തിനായി Food Products കൾക്ക് തുക നൽകിയപ്പോൾ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 വാങ്ങലുകൾ - സംവിധാനം കാര്യക്ഷമമല്ല

ഘടക സ്ഥാപനങ്ങളിലേക്കും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും ആവശ്യമായ സാധന സാമഗ്രികൾ സമാഹരിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രൊജക്ടുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണം സെക്രട്ടറി, ഹെഡ്മിസ്ട്രസ്

| ക്രമ നമ്പർ | പ്രൊജക്ട്, പ്രൊജക്ട് നമ്പർ | തുക | ബിൽ സാങ്ഷൻ നമ്പർ/ തിയതി | വിശദാംശം | |
|---|---|---|---|---|---|
| | | | | ഇനം | എണ്ണം |
| 1 | 26/22-23 ഘടക സ്ഥാപന ത്തിലേക്ക് ഫർണ്ണി ച്ചറുകൾ വാങ്ങൽ | 4,54,360 | 118/ 12.12.22 | Haier LED 32 Inch | 2 |
| | | | | Armed Chair | 4 |
| | | | | Table Top Plain Glass | 5 |
| | | | | Staff Room Table | 4 |
| | | | | Executive Chair | 1 |

| | | | | | |
|---|---|---|---|---|---|
| | | | | Visitors Chair | 2 |
| | | | | Dual Type Bench | 10 |
| | | | | Fiber Armed Chair | 4 |
| | | | | Steel Cabinet With Locker | 1 |
| | | | | Office Table | 1 |
| | | | | Ups And Battery | 1 |
| | | | | High Back Revolving Chair | 2 |
| | | | | Fiber Armed Chair | 50 |
| | | | | Hard Wood Stool | 2 |
| | | | | Steel Cabinet With Locker | 1 |
| | | | | Steel Plain Table | 1 |
| | | | | Steel Table With Drawer | 2 |
| 2 | വയോ പാർക്കിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 1,30,000 | 65/20.09.22 | Red And Green Plastic Slider | 1 |
| | | | | Seasaw | 1 |
| | | | | Swing | 1 |
| 3 | അംഗൻ വാടികൾക്ക് ഫർണ്ണിച്ചർ | 5,45,980 | 17/20.60.22 | Baby Chair | 390 |
| | | | | Food Container 25 L | 27 |
| | | | | Food Container 15 L | 27 |
| | | | | Food Container 10 L | 27 |
| 4 | സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചർ | 87,946 | 319/29.03.23 | | |
| 5 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം | 266 | 266/17.03.23 | | |

ഫയൽ പരിശോധനയിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ഓരോ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനവും വാർഷിക ബജറ്റ് പാസ്സാക്കുന്നതിനു മുൻപായി വാർഷിക വാങ്ങൽ പദ്ധതി തയ്യാറാക്കേണ്ടതും ഇതിനായി പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റി രൂപീകരിക്കേണ്ടതും എല്ലാ വാങ്ങലുകളും നടത്തേണ്ടത് ഈ കമ്മിറ്റി ശുപാർശ ചെയ്യുന്ന വാങ്ങൽ പദ്ധതി അനുസരിച്ചായിരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് പ്ലാൻ കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ മേൽ പ്രൊജക്റ്റുകൾ പ്രകാരമുള്ള വാങ്ങലുകൾ ഒന്നും തന്നെ കമ്മിറ്റി അംഗീകരിച്ചതായും കാണുന്നില്ല.

2. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ച് സമാഹരിക്കേണ്ട സാമഗ്രികളുടെ ഗുണനിലവാരം, അളവ് എന്നിവ അടിസ്ഥാനമാക്കി സ്പെസിഫിക്കേഷൻ നിശ്ചയിക്കേണ്ടതും സാധനങ്ങൾ ലഭ്യമാകുന്ന സ്രോതസുകളുടെ പട്ടിക തയ്യാറാക്കേണ്ടതും വാർഷിക വാങ്ങൽ പദ്ധതിയോടൊപ്പം സപ്ലൈർമാരുടെ ലിസ്റ്റ് കൂടി ഉൾപ്പെടുത്തി വെബ്സൈറ്റ്, നോട്ടീസ് ബോർഡ് എന്നിവിടങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും തുടർന്ന് ഏത് മാർഗ്ഗത്തിലൂടെ വാങ്ങുന്നതാണ് ഏറ്റവും ലാഭകരം എന്ന് വിശകലനം നടത്തി തീരുമാനിക്കേണ്ടതുമാണ്. എന്നാൽ മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ ക്ഷണിക്കുന്നതിനു പകരം മേൽ പ്രൊജക്ടുകളിലെല്ലാം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് മാത്രം ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ചവയിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത 'ആർട്ട്കോ' എന്ന സ്ഥാപനത്തിൽ നിന്നും പൂർണ്ണമായും വാങ്ങലുകൾ നടത്തുകയും ചെയ്തതായി കാണുന്നു.

3. വാർഷിക വാങ്ങൽ പദ്ധതി രൂപീകരിച്ച് ഒരേ തരത്തിലുള്ള ഇനങ്ങൾ ഒരുമിച്ച് ടെണ്ടർ ക്ഷണിച്ചു വാങ്ങുന്നതിനു പകരം ഗ്രാമപഞ്ചായത്തിലേക്കും വിവിധ ഘടക സ്ഥാപനങ്ങളിലേക്കും ഉള്ള ഒരേ സാധനങ്ങൾ പ്രത്യേക പ്രൊജക്ട് രൂപീകരിച്ച് വാങ്ങുകയാണ് ചെയ്തത്. മേൽ പട്ടികയിൽ ക്രമ നമ്പർ 1 പ്രകാരം ഘടക സ്ഥാപനത്തിലേക്ക് ഫർണ്ണിച്ചറുകൾ വാങ്ങൽ എന്ന പദ്ധതിയിൽ 54 ഫൈബർ ആംഡ് ചെയർ ഒന്നിന് ജി.എസ്.ടി ഉൾപ്പടെ 693.84/- രൂപ നിരക്കിലും ക്രമ നമ്പർ 3 പ്രകാരം അംഗൻ വാടികൾക്ക് ഫർണ്ണിച്ചർ എന്ന പ്രൊജക്ടിൽ 283 ഫൈബർ ആംഡ് ചെയർ ഒന്നിന് ജി.എസ്.ടി ഉൾപ്പടെ 649.99/- രൂപയ്ക്കുമാണ് വാങ്ങിയത്. സ്പെസിഫിക്കേഷൻ /ബ്രാന്റ് വ്യക്തമാക്കിയിട്ടില്ല.

4. കടത്തുകൂലി ഉൾപ്പടെയുള്ള എല്ലാ ചെലവുകളും ഉൾപ്പെട്ട എസ്റ്റിമേറ്റ് നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് എന്നിരിക്കേ മേൽ പട്ടിക ക്രമ നമ്പർ 2 പ്രകാരം വയോ പാർക്കിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ സാധനങ്ങൾ ലഭ്യമാക്കിയതിന് 351/- രൂപ കടത്തുകൂലി ഇനത്തിൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ കാരണങ്ങളാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാങ്ങൽ നടപടികളിൽ മിതവ്യയത്വം, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-18 വയോജനക്ഷേമം കട്ടിൽ വിതരണം -ആവശ്യത്തിലധികം കട്ടിൽ വാങ്ങി

പ്രോജക്റ്റ് നമ്പർ :SO/126

പ്രോജക്റ്റ് : വയോജനക്ഷേമം കട്ടിൽ വിതരണം

നിർവ്വഹണം : ഐ.സി.ഡി.എസ് .സൂപ്പർവൈസർ

അടങ്കൽ : 268130

ചെല് : 123500

ബിൽ നമ്പർ : 314/28.3.23 -123500

ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ്. ടെണ്ടർ നടപടിയുടെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയത്. ലഭ്യമായ ടെണ്ടറുകളിൽ ഗുണ നിലവാരത്തിന്റേയും വിലയുടേയും അടിസ്ഥാനത്തിൽ സിഡ്കോയിൽ നിന്നാണ് കട്ടിൽ വാങ്ങിയത്. നെഗോസിയേഷന്റെ അടിസ്ഥാനത്തിൽ ആഞ്ഞിലി മരത്തിന്റെ കട്ടിൽ 3540/-രൂപയ്ക്കാണ് ലഭ്യമാക്കിയത്. 60 കട്ടിലുകൾ സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കട്ടിൽ വാങ്ങി നൽകേണ്ടത് 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കുമാണ്. എന്നാൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 60 വയസ്സ് കഴിഞ്ഞ നിരാലംബരായ വയോജനങ്ങൾ ഇല്ലാത്തതിനാലും നിർദ്ധന രോഗികൾ കുറവായതിനാലും പദ്ധതി പൂർത്തീകരിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭ അംഗീകരിച്ച ശാരീരികമായി അവശത അനുഭവിക്കുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള B.P.L വിഭാഗത്തിൽപെട്ട നിലവിലെ ഗുണഭോക്തൃലിസ്റ്റിൽപെട്ട ഗുണഭോക്താക്കൾക്ക് ആനുപാതികമായി കട്ടിൽ വിതരണം നടത്താൻ യോഗം തീരുമാനിച്ചിട്ടുണ്ട്. (31.1.23 ലെ 2/1(2). ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ചല്ലാതെ ആവശ്യത്തിലധികം കട്ടിൽ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ ആവശ്യകത പരിശോധിച്ച് മിതവ്യയത്വം പാലിക്കേണ്ടതും പൊതു വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ വർദ്ധിച്ച കാര്യക്ഷമത ഉറപ്പാക്കേണ്ടതുമാണ്. വാങ്ങലുകളിൽ മിതവ്യയത്വം പാലിക്കപ്പെടുന്നുണ്ടെന്ന് പ്രോക്യൂർമെന്റ് കമ്മറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശം പാലിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-19 മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം -ലാപ്ടോപ്പ് ഇതുവരെ ഉപയോഗപ്പെടുത്തിയില്ല .

പ്രോജക്റ്റ് നമ്പർ -39/23

പ്രോജക്റ്റ് -സ്മാർട്ട് ഗാർബേജ് സംവിധാനം

വകയിരുത്തിയത് – 204900

ചെലവ് - 200285 /-

I.ബിൽ നമ്പർ 202/16.2.23 -142900/

Ii.ബിൽ നമ്പർ 250/15.3.23 -7385/

Iii.ബിൽ നമ്പർ 280/27.3.23 -50000/

26.9.22ലെ സ.ഉ.(സാധാ) നം 2341/22/lsgd നമ്പർ ഉത്തരവ് പ്രകാരം ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത

നിരീക്ഷണത്തിനായി തയ്യാറാക്കിയതാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം. സംസ്ഥാനത്ത് പ്രതിദിനം രൂപപ്പെടുന്ന വിവിധ തരം മാലിന്യങ്ങളുടെ അളവ് ആയതിൽ ശേഖരിച്ച് സംസ്കരിക്കുന്നവയുടെ അളവ് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ആയതിന്റെ പ്രതിദിന അപ്ഡേഷൻ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെ വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്നതും മാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും ആയവയുടെ സുസ്ഥിരതയ്ക്കും ആയതിലൂടെ ശുചിത്വ കേരളം സൃഷ്ടിക്കുന്നതിനും വേണ്ടി സമയബന്ധിതമായി വിവിധ ഘട്ടങ്ങളിലായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതമിത്രം ആപ്ലിക്കേഷൻ വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വാതിൽപ്പടി ശേഖരണ കവറേജിലെ ന്യൂനതകൾ കണ്ടെത്തി ശേഖരണം 100 ശതമാനത്തിലെത്തിക്കുന്നതിനും സുസ്ഥിര പാഴ്‌വസ്തു ശേഖരണ സംവിധാനം രൂപപ്പെടുത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും. മാലിന്യ സംസ്കരണ പദ്ധതികൾക്കായി തുക വിനിയോഗിക്കുന്നതിനു പകരം മാലിന്യത്തിൽ നിന്നും വരുമാനം കണ്ടെത്തുന്നതിനും തൊഴിൽ ലഭ്യത, പ്രാദേശിക സമ്പത്ത് വ്യവസ്ഥ, പൊതുജനാരോഗ്യം എന്നിവ മെച്ചപ്പെടുത്തുന്നതിനും പൊതു ഇടങ്ങളുടേയും ജലാശയങ്ങളുടേയും വൃത്തിയും ശുചിത്വവും ഉറപ്പാക്കുന്നതിനും സഹായകരമാകും. തദ്ദേശ സ്വയംഭരണ സ്ഥാപന തലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായാണ് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പിലാക്കിയത്.

സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ്, QR കോഡ് പ്രിന്റ് ചെയ്യുന്നതിനുള്ള ചാർജ്ജും നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനാണ് ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങിയത്. എന്നാൽ മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ലാപ്ടോപ്പ് ഇതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടോ ഉപയോഗിച്ചിട്ടോ ഇല്ല .

50,000 രൂപ ഇതിനായി ചെലവഴിച്ചിട്ടും ചെലവഴിക്കപ്പെട്ട പണത്തിന്റെ ഉപയോഗം നടന്നില്ല എന്നുള്ളത് ഗൗരവമായി കാണുന്നു. അതുവഴി സർക്കാർ ലക്ഷ്യമിട്ട തദ്ദേശ സ്വയംഭരണ സ്ഥാപന തലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണം എന്ന ലക്ഷ്യം കൈവരിക്കാനും സാധിക്കാതെ വന്നിട്ടുണ്ട്. ലാപ്ടോപ്പ് ഇതുവരെ ഉപയോഗക്ഷമമാക്കാത്തതിനും മാലിന്യ സംസ്കരണത്തിൽ മോണിട്ടറിംഗ് നടത്താത്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായോ എന്ന് ഭരണസമിതി മോണിട്ടർ ചെയ്യേണ്ടതും പദ്ധതിപ്പണം പാഴായില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പദ്ധതി ലക്ഷ്യം കൈവരിച്ച വിവരം അറിയിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ മിക്കവാറും റോഡ് പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവു തുക |
|---|---|---|
| 1 | 104 പെരുവന താഴ കാര്യാട്ടു കുന്നു റോഡ് | 3,97,470 |
| 2 | 98 ആവള മദ്രസ്സ റോഡ് | 4,99,146 |

| | | |
|---|---|---|
| 3 | 131 മുയിപ്പോത്ത് ടെലഫോൺ എക്സ്ചെഞ്ച് തെക്കുംമുറി റോഡ് | 5,71,683 |
| 4 | 103 തോട്ടുമുറി കാരയിൽ നട പാറപ്പുറം റോഡ് | 6,75,648 |

ഈ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാന്വൽ മീൻസ്)ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Nomber 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20 Mm സെ.മി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും (Material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydrolic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ, അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനേയും (Durability) നിമ്നോന്നതയുടെ (Undulations) ടോളറൻസ് (Tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3 ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H) ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരെയോ 4 മീറ്റർ മുതൽ 7 മീറ്റർ വരെയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

റോഡുകളുടെ നിർമ്മിതി - കുറഞ്ഞ ചെലവും ഗുണമേന്മയും മുൻ നിർത്തി MSS (മെക്കാനിക്കൽ) രീതി അവലംബിക്കേണ്ടതാണ്

മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20 Mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ ആദ്യത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20 Mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ്

കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇത് പരിഗണിക്കുമ്പോൾ 2016ലെ നിരക്ക് കണക്കാക്കിയാൽ 20 Mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് ഏകദേശം 32% രൂപയുടെ അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS) എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20 Mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations), മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്, ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് -6 Mm മാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി + 10 Mm ഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ + 10mm ഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

ഇക്കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം ആരാഞ്ഞതിന് മറുപടി നല്കിയിട്ടില്ല. തുടർവർഷങ്ങളിൽ സ്പെസിഫിക്കേഷന് അനുസൃതമായി നിർമ്മാണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-21 കരാറിലെ വ്യവസ്ഥകൾ കാലാനുസൃതമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി .എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നു കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നതിലും പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ പ്രതിപാദിക്കുന്നതിലുമാണ് പ്രധാനമായും അപാകത കാണുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. ഉദാഹരണമായി ഓഡിറ്റ് വർഷം രൂപീകരിച്ച 13 പ്രൊജക്ടുകൾക്ക് കരാർ വച്ചിരിക്കുന്നത് മാർച്ച് മാസം 15 മുതൽക്കാണ്. ഇതിൽ തന്നെ 5 എണ്ണം മാർച്ച് 31 നാണ് കരാർ വച്ചിരിക്കുന്നത്. എന്നാൽ ഈ പ്രവൃത്തികളെല്ലാം 31.3.23 ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാർ ഉറപ്പു നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകത പരിഹരിച്ച് കരാറുകളിലെ വ്യവസ്ഥകൾ കാലികമാക്കി മാത്രം തുടർന്നുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

1-22 ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയില്ല

പ്രോജക്ട് : ജെൻഡർ കോർണർ

ബിൽ നമ്പർ : 308/28.3.23 -20000

സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനായി കൗൺസിലിംഗ് , സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷക്കും പരാതി പരിഹാരത്തിനുമുള്ള ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ എന്നിവയാണ് പ്രോജക്ട് കൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ പ്രോജക്ട് പ്രകാരം ജെൻഡർ കോർണർ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങൽ മാത്രമാണ് നടന്നത്. ക്വട്ടേഷൻ നടപടിക്രമം പാലിച്ചാണ് പുസ്തകങ്ങൾ വാങ്ങിയത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പൂർണ്ണ പബ്ലിക്കേഷൻസിൽ നിന്നാണ് പുസ്തകങ്ങൾ

വാങ്ങിയത്.(അംഗീകരിച്ച തീരുമാനം നമ്പർ 31.1.23ലെ 1/13)ജാഗ്രതാ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ 2022 ഫെബ്രുവരി 15, 2022 മാർച്ച് 18 നം ശേഷം 2023 ആഗസ്റ്റ് 10 നാണ് യോഗം ചേർന്നത് . 2022 ഫെബ്രുവരി 15 ലേയും മാർച്ചിലേയും യോഗത്തിൽ പരാതി മാത്രമാണ് ചർച്ച ചെയ്തത്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷക്ക വേണ്ടി ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാത്തതിനും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷക്ക വേണ്ടി ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-23 മാലിന്യ നിർമ്മാർജ്ജനം - ഇടപെടലുകൾ ഇല്ല

ഓഡിറ്റ് വർഷം ഹരിത കർമ്മ സേന മുഖേനയുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രദമല്ലെന്നും പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന തരത്തിലാണ് ഇത് കൈകാര്യം ചെയ്യുന്നതെന്നും കാണുന്നു. രേഖകളുടെ പരിശോധനയിലും, ഹരിത കർമ്മസേനാ പ്രതിനിധികളെ നേരിൽ കേട്ടതിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നു. കൂടാതെ പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന തരത്തിൽ റിജക്റ്റഡ് മാലിന്യം എം സി എഫിന് പുറത്ത് കൂട്ടിയിട്ടിരിക്കുന്നതായും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പ്രധാന പോരായ്മകൾ താഴെ കൊടുക്കുന്നു.

എ) ഹരിത കർമ്മ സേനാ പ്രവർത്തനങ്ങൾക്ക് പ്രൊജക്ടുകളില്ല

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഹരിത കർമ്മ സേനയെ സജ്ജമാക്കാൻ പര്യാപ്തമായ പ്രൊജക്ടുകൾ ഏറ്റെടുക്കാൻ 13 -ാം പദ്ധതിയുടേയും 14-ാം പദ്ധതിയുടേയും മാർഗ്ഗരേഖകളിലും ഹരിതകേരള മിഷൻ മാർഗ്ഗരേഖയിലും നിർദ്ദേശിക്കുന്നുണ്ട്. ഹരിത കർമ്മ സേന പൂർണ്ണസജ്ജമാകാത്ത സ്ഥാപനത്തിൽ ഇത്തരം പ്രൊജക്ടുകളുടെ ആവശ്യകത പ്രകടമായിരുന്നുവെന്നത് ശ്രദ്ധേയവുമാണ്. എന്നാൽ സർക്കാർ മിഷനായി ഏറ്റെടുത്ത ഈ മേഖലയിൽ ആവശ്യങ്ങളെ തിരിച്ചറിയാനോ അവ നിറവേറ്റുന്നതിനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാനോ സ്ഥാപനം തയ്യാറായിട്ടില്ല. മാർഗ്ഗരേഖകൾ, പ്രകാരം താഴെ കൊടുത്ത കാര്യങ്ങൾക്ക് പ്രൊജക്ടുകൾ രൂപീകരിക്കാമായിരുന്നു.

1) ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, തിരിച്ചറിയൽ കാർഡ്, സംരക്ഷണ ഉപകരണങ്ങൾ തുടങ്ങിയവ നൽകൽ.

2) വാർഡുകളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ എം സി എഫിലേക്ക് എത്തിക്കാനുള്ള വാഹനസൗകര്യം ഒരുക്കലും തുക ചെലവഴിക്കലും

3) പ്രതിമാസ ഫീസ് നൽകാൻ ശേഷിയില്ലാത്ത അഗതി/അതിദരിദ്ര വിഭാഗങ്ങളിൽ പെടുന്നവരുടെ യൂസർഫീസ് ഹരിത സേനയ്ക്ക് നല്കൽ

4) അപകടകരമായ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനുള്ള ചെലവ് വഹിക്കൽ

5) എം സി എഫ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ആവശ്യമായ മെഷീനുകൾ ഉൾപ്പടെ ഒരുക്കൽ

6) സർക്കാർ നിർദ്ദേശിക്കുന്ന കാലയളവിൽ, ആവശ്യമുള്ള പക്ഷം, വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കൽ

ഹരിതകർമ്മ സേനാംഗങ്ങളെ നേരിൽ കേട്ടതിൽ, അവർക്ക് യൂണിഫോം അനുവദിച്ചത് 2018 വർഷത്തിൽ മാത്രമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തോളമായിട്ടും യൂണിഫോമിന് പ്രൊജക്ട് രൂപീകരിച്ചില്ലെന്നത് ശ്രദ്ധേയമാണ്. അവരുടെ ചെലവുരജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷമുൾപ്പെടെ 1.8.23 തീയതിവരെ 1,09,750/- രൂപ വാർഡുകളിൽ ശേഖരിച്ച മാലിന്യങ്ങൾ എം സി എഫിലേക്ക് എത്തിച്ചയിനത്തിലെ വാഹനവാടകയിനത്തിൽ വിനിയോഗിച്ചതായി രേഖപ്പെടുത്തിക്കാണുന്നു. ഇതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാമെന്നിരിക്കെ തുച്ഛമായ വരുമാനത്തിൽ നിന്നും തുക വിനിയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. 12/1/23 മുതൽ 10/6/23 വരെയുള്ള കാലയളവിൽ ഈ ഇനത്തിൽ ചെലവഴിച്ച 30,300/-രൂപ അനുവദിക്കാൻ

ആവശ്യപ്പെട്ട് നിരവധി തവണ പഞ്ചായത്തിൽ സേന അപേക്ഷ നൽകിയതിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആവശ്യം നിറവേറ്റുന്നതിനുതകുന്ന പ്രൊജക്ട് ഓഡിറ്റ് വർഷമോ 2023-24 വർഷമോ നിലവിലുണ്ടായിരുന്നില്ല/നിലവിലില്ല.

പ്രതിമാസ ഫീസ് നൽകാൻ ശേഷിയില്ലാത്ത അഗതി/അതിദരിദ്ര വിഭാഗങ്ങളിൽപെടുന്ന 148 കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ടെന്ന് വി ഇ ഒ ലഭ്യമാക്കിയ കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. ഈ വീടുകളിൽ നിന്നും ഫീസ് പിരിക്കാതെ മാലിന്യ ശേഖരണം നടത്തി അവരുടെ പ്രതിമാസ ഫീസ് ഗ്രാമപഞ്ചായത്ത് നല്കണമെന്നിരിക്കെ ഇതിനായുള്ള പ്രൊജക്ടും രൂപീകരിച്ച് തുക അനുവദിച്ചിട്ടില്ല. 50/-രൂപ നിരക്കിൽ ആകെ 88800/- രൂപ ഓഡിറ്റ് വർഷം മാത്രം ഈ ഇനത്തിൽ ഹരിത കർമ്മസേനയ്ക്ക് ലഭ്യമാകേണ്ടതായിരുന്നു.

ഹരിതകർമ്മസേനയുടെ വരുമാനം അവർക്ക് ലഭിക്കേണ്ട മിനിമം വേതനത്തിനും മറ്റ് ചെലവുകൾക്കും ഉതകാത്ത വിധം കുറവാണെങ്കിൽ ആ വ്യത്യാസം വയബിലിറ്റി ഗ്യാപ് ഫണ്ടായി നൽകാൻ മേൽ മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തിൽ 46400/-രൂപയും (174000/-രൂപ വകയിരുത്തിയതിൽ) 2020-21 വർഷത്തിൽ 127600/-രൂപയും (വകയിരുത്തിയ തുക മുഴവൻ) പ്രൊജക്ട് രൂപീകരിച്ച് സേനയ്ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ വരുമാനവും ചെലവും പരിഗണിച്ചല്ല തുക നൽകിയിരിക്കുന്നത്. കൂടാതെ, ആവശ്യമായ പിന്തുണയുടെ അഭാവത്തിൽ നിലവിലും സ്വന്തം നിലക്ക് പ്രവർത്തിക്കാനുള്ള കാര്യശേഷി സംവിധാനം ആർജ്ജിച്ചിട്ടില്ലെന്നു കാണാം. വേതന വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഒരു സേനാംഗത്തിന്റെ 1/23മുതൽ 8/23 വരെയുള്ള കാലയളവിലെ പ്രതിമാസ ശരാശരി വരുമാനം 5,688/-രൂപ മാത്രമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാകാത്തതിന് ഒരു പ്രധാന കാരണം വീടുകളുമായി/സ്ഥാപനങ്ങളുമായി സൗഹാർദ്ദപരമായി സംവദിക്കുന്നതിൽ സേനാംഗങ്ങൾക്കുണ്ടാകുന്ന വീഴ്ചയാണെന്ന് ഉദ്യോഗസ്ഥർ അടക്കമുള്ള പഞ്ചായത്ത് അധികൃതരുമായി സംവദിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സേനാംഗങ്ങളായി തെരെഞ്ഞെടുക്കപ്പെട്ടതിനുശേഷം ഇവരെ അതിനു പ്രാപ്തമാക്കുന്നതിനും മികച്ച സംരംഭകരാക്കുന്നതിനും ഹരിത സഹായ സംഘങ്ങളെ പ്രൊജക്ട് രൂപീകരിച്ച് നിയമിക്കാൻ ഹരിത കേരള മിഷൻ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. സ്ഥാപനത്തിലെ ഹരിതകർമ്മസേന 2017-18 വർഷത്തിൽ രൂപീകരിച്ചെങ്കിലും 2019-20 വർഷത്തിലാണ് ഇതിനായി ഒരു പ്രൊജക്ട് രൂപീകരിച്ചത്. പ്രൊജക്ട് നമ്പർ 15 പ്രകാരം 1,36,914/-രൂപ വകയിരുത്തി അത്ര തന്നെ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അവരുടെ സേവനം യാതൊരു വിധ ഫലവും ഉണ്ടാക്കിയിട്ടില്ലെന്ന് കാണാവുന്നതാണ്. പരിമിതമായ തുകയാണ് ഇതിന് നീക്കിവച്ചിരുന്നതെന്നതും ശ്രദ്ധേയമാണ്.

റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് വേസ്റ്റ് ജനറേറ്ററിൽ (waste Generator) നിന്നും തുക ഈടാക്കിയില്ല -പഞ്ചയത്ത് ഫണ്ട് വിനിയോഗിച്ചു

റിജക്ടഡ് മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനുള്ള ചെലവു തുക പ്രതിമാസ ഫീസിനു പുറമേ, വീടുകളിൽ നിന്നും ശേഖരിക്കണമെന്നിരിക്കെ, ഇത് കൈയ്യൊഴിയുന്നതിന് പ്ലാസ്റ്റിക് മാലിന്യശേഖരണം എന്ന പേരിൽ പ്രൊജക്ട് രൂപീകരിച്ച് തുക ചെലവഴിച്ചു. ആസൂത്രണ മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ ഇക്കാര്യത്തിന് പണം ചെലവഴിക്കുന്ന കാര്യം പ്രതിപാദിച്ചിട്ടില്ല. 2018-19 വർഷത്തിൽ പ്ലാസ്റ്റിക് മാലിന്യശേഖരണം (പ്രൊ. നം. 149) എന്ന സ്പിൽ ഓവർ പ്രൊജക്ടിനായി 4 ലക്ഷം വകയിരുത്തി 50,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ ഇതേ വർഷം പ്രൊജക്ട് നം 36 പ്രകാരം (പ്ലാസ്റ്റിക് മാലിന്യശേഖരണം) 5 ലക്ഷം രൂപ വകയിരുത്തി 3,00,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ തുകകൾ സേനയുടെ അക്കൗണ്ടിലാണ് നല്കിയിട്ടുള്ളത്. ഇതിൽ നിന്നും റിജക്ടഡ് മാലിന്യം കയറ്റി അയക്കുന്നതിനും യൂണിഫോമിനും തുക വിനിയോഗിച്ചതായി സേനാംഗങ്ങൾ ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തിൽ പ്രൊജക്ട് 129 പ്രകാരമായി ഇതേ പേരിൽ 1,35,943/-രൂപ വകയിരുത്തി 1,35,820/- രൂപ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ ഖരമാലിന്യ സംസ്കരണം -

പ്ലാസ്റ്റിക് മാലിന്യശേഖരണം എന്ന പേരിൽ (പ്രൊ നം 107) 3 ലക്ഷം രൂപ വകയിരുത്തി 1,56,697/-രൂപ വിനിയോഗിച്ചിട്ടുണ്ട്. 2021-22 വർഷത്തിലും ഇതേ പേരിൽ (പ്രൊ നം) 1,43,303 രൂപ വകയിരുത്തി അത്രയും തുക തന്നെ വിനിയോഗിച്ചിട്ടുണ്ട്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥൻ എപ്രകാരം ചെലവഴിച്ചെന്ന് വ്യക്തമല്ല. പ്രൊജക്ടിന്റെ പേര് സൂചിപ്പിക്കുന്ന ആവശ്യത്തിനല്ല പ്രൊജക്ട് പ്രകാരമുള്ള തുക വിനിയോഗിക്കുന്നതെന്ന് മേല്പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നു. ഇത് അപാകതയാണ്.

<u>മാലിന്യം ശേഖരണം -സേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടലില്ല</u>

സ്ഥാപനം നല്കിയ കണക്കുകൾ പ്രകാരം 6433 വീടുകളും 583 സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിലുണ്ട്. ഇവയിൽ നിലവിൽ പ്രതിമാസ ഫീസ് നല്കുന്ന വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണം വളരെ പരിമിതമാണെന്ന് 2023 ജനുവരി മുതൽ സപ്തംബർ വരെയുള്ള, സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിൽ നിന്നുള്ള കണക്കുകൾ കാണിക്കുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| മാസം | ഫീസ് നല്കിയ | |
|---|---|---|
| | വീടുകളുടെ ശതമാനം | സ്ഥാപനങ്ങളുടെ ശതമാനം |
| 2023 ജനുവരി | 36.17 | ലഭ്യമല്ല |
| 2023 ഫെബ്രുവരി | 47.9 | ലഭ്യമല്ല |
| 2023 മാർച്ച് | 55.13 | ലഭ്യമല്ല |
| 2023 ഏപ്രിൽ | 44.03 | ലഭ്യമല്ല |
| 2023 മെയ് | 67.98 | ലഭ്യമല്ല |
| 2023 ജൂൺ | 28.11 | ലഭ്യമല്ല |
| 2023 ജൂലായ് | 5.32 | ലഭ്യമല്ല |
| 2023 ആഗസ്റ്റ് | 31.99 | ലഭ്യമല്ല |
| 2023 സെപ്തംബർ | 25.19 | 5.5 |

സ്ഥാപനത്തിൽ ഹരിത കർമ്മസേന രൂപീകൃതമായിട്ട് ഏഴു വർഷത്തോളമായിട്ടും 50% വീടുകൾ/സ്ഥാപനങ്ങൾ പോലും നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ പരിധിയിൽ വരാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. 2021-22 വർഷം രൂപീകരിച്ച സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിനായുള്ള പ്രൊജക്ട് ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവറാകുകയും പ്രൊജക്ട് നം 39 പ്രകാരം 2,00,285/- രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വീടുകളിലും ക്യൂ ആർ കോഡ് പതിച്ചെങ്കിലും പദ്ധതിക്കായി മാർച്ച് മാസം ലഭ്യമായ ലാപ്ടോപ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹരിതകർമ്മസേനയ്ക്ക് കൈമാറാത്തതിനാൽ നാളിതുവരെ പ്രൊജക്ടിന്റെ ഗുണം ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന വീഴ്ചകൾ, ശുചിത്വ മേഖലയിലെ നിർമ്മാണപ്രവർത്തനങ്ങൾ ഒഴികെയുള്ള പ്രൊജക്ടുകൾ നിർവ്വഹിക്കേണ്ട വി ഇ ഒ യുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്.

എ) സർക്കാർ ഒരു മിഷനായി ഏറ്റെടുത്ത മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാന പങ്കുള്ള ഹരിത കർമ്മസേനയെ, മിഷൻ കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിന് സജ്ജമാക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടു.

ബി) സേനയ്ക്ക് ആവശ്യമായ സാമ്പത്തികസഹായങ്ങൾ പ്രൊജക്ട് രൂപീകരിച്ച് നല്കുന്നതിൽ വീഴ്ച വരുത്തി.

സി) ഫീസ് നല്കാതെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ നല്കാതെയും സഹകരിക്കാത്തവരുടെ വിശദാംശം സേന ലഭ്യമാക്കിയിട്ടും ആവശ്യമായ തുടർനടപടികൾ സമയബന്ധിതമായി സ്വീകരിച്ച് സേനയ്ക്ക് സ്ഥാപന തല സപ്പോർട്ട് നൽകുന്നതിൽ പരാജയപ്പെട്ടു.

ഡി) റിജക്ടഡ് മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനുള്ള ചെലവു തുക പ്രതിമാസ ഫീസിനു പുറമേ, വീട്ടുകളിൽ നിന്നും ശേഖരിക്കണമെന്നിരിക്കെ, ഇത് കൈയ്യൊഴിയുന്നതിന് പ്ലാസ്റ്റിക് മാലിന്യശേഖരണം എന്ന പേരിൽ പ്രൊജക്ട് രൂപീകരിച്ച് തുക ചെലവഴിച്ചു. ആസൂത്രണ മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ ഇക്കാര്യത്തിന് പണം ചെലവഴിക്കുന്ന കാര്യം പ്രതിപാദിച്ചിട്ടില്ല. കൂടാതെ മാലിന്യം കയറ്റി അയയ്ക്കുന്നതിനാണ് തുക വിനിയോഗിച്ചതെങ്കിലും മാലിന്യ ശേഖരണം എന്ന തരത്തിൽ പ്രൊജക്ടിന് പേര് നല്കി സുതാര്യത നഷ്ടപ്പെടുത്തി.

ഇ) 2023 മാർച്ച് മാസത്തിൽ തന്നെ സ്മാർട്ട് ഗാർബേജ് സംവിധാനം ഏർപ്പെടുത്തിയിട്ടും മാലിന്യ ശേഖരണവും കൈയ്യൊഴിയലും 2023 ആഗസ്റ്റ് മാസം വരെ മോണിറ്ററിംഗ് നടത്തിയില്ല. സ്ഥലം മാറ്റത്തിന്റെ ഭാഗമായി പുതിയ വി ഇ ഒ ചാർജ്ജ് എടുത്തതിന് ശേഷം മാത്രമാണ് ഈ സംവിധാനം ഉപയോഗപ്പെടുത്തി തുടങ്ങിയത്.

എഫ്) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി ആവശ്യമായ പ്രൊജക്ടുകൾ രൂപീകരിച്ചില്ല. 2021-22 വർഷത്തിൽ ആകെ രണ്ട് പ്രൊജക്ടുകൾ വിഭാവനം ചെയ്ത് ഒരെണ്ണം മാത്രം നിർവ്വഹിച്ചു. ഓഡിറ്റ് വർഷത്തിൽ ഒരു സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പടെ അഞ്ച് പ്രൊജക്ടുകൾ വിഭാവനം ചെയ്തതിൽ ഒരെണ്ണം മാത്രം നിർവ്വഹിച്ചു. (ഓഡിറ്റ് വർഷം വി ഇ ഒ വിഭാവനം ചെയ്ത 14 പ്രൊജക്ടുകളിൽ 6 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. ഇതിൽ നാലെണ്ണം ശുചിത്വ മേഖലയുമായി ബന്ധപ്പെട്ടതാണ്)

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അവശ്യ പ്രൊജക്ടുകൾ രൂപീകരിക്കാതെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വി ഇ ഒ വിശദീകരണം നല്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഉണഭോക്താവിന് രണ്ടു തവണ തുക അനുവദിച്ചു.

പ്രൊജക്ട് നമ്പർ : 93/22-23
നിർവ്വഹണം : ഹെഡ് മിസ്ട്രസ്
ചെലവു തുക : ബിൽ സാങ്ഷൻ നമ്പർ, തിയതി
2,30,000 : 267/17.03.23
3,55,000 : 315/28.03.23

എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന മേൽ പ്രൊജക്ട് പ്രകാരം 25 ഗുണഭോക്താക്കൾക്ക് അവർ പഠനം നടത്തുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അതാത് ബാങ്ക് അക്കൌണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ശ്രീ.ഡിസ്സശ്രീ.ഡി.എസ് എന്ന ഗുണഭോക്താവിന് രണ്ടു തവണ സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നു. 267/17.03.23 ട്രഷറി ബിൽ സാങ്ഷൻ നമ്പർ പ്രകാരം 2,30,000/-രൂപയിൽ ക്രമ നമ്പർ 6 പ്രകാരം (List Of Beneficieries) കനറാ ബാങ്കിലുള്ള 4412221003137 നമ്പർ അക്കൌണ്ടിലേക്ക് 20,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുടർന്ന് 315/28.03.23 ട്രഷറി ബിൽ സാങ്ഷൻ നമ്പർ പ്രകാരം വീണ്ടും തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 20,000/- രൂപ രണ്ട് തവണ മേൽ ഗുണഭോക്താവിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തത് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറിനം. 2/22-23 തിയതി 28.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 20,000/- രൂപ ഗുണഭോക്താവിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,27,500 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. | 1,27,500 |
| | | 2,50,000 | മിൽക്ക് ഇൻസന്റീവ് | 2,50,000 |
| | | 3,00,000 | കറവപ്പശുക്കൾക്ക് | 3,00,000 |

| | | | | |
|---|---|---|---|---|
| | | | കാലിത്തീറ്റ സബ്സിഡി | |
| | | 1,00,110 | ഭിന്നശേഷി സ്കോളർഷിപ്പ്-യാത്രാബത്ത നൽകൽ | 1,00,110 |
| | | | ആകെ | 7,77,610 |
| ജില്ല പഞ്ചായത്ത് | 2022-23 | 2,00,000 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി | 2,00,000 |
| | | 70,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്. | 70,000 |
| | | 2,00,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 2,00,000 |
| | | 6,99,631 | മിൽക്ക് ഇൻസന്റീവ് | 6,99,631 |
| | | | ആകെ | 11,69,631 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | അടവാക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | അടവാക്കിയ രശീതി നമ്പർ /തിയ്യതി |
|---|---|---|---|---|
| 2004-05 | 3.8 | 1427* | സി.എം. രാജു | 1220200528 തീ.07.06.2022 |

* വാർഷിക ധനകാര്യപത്രിക പ്രകാരം 8900/- രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരമുള്ള

വരവ് 1,427 രൂപയാണ്. ബാക്കി തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018 തസ്വഭവ തി-18.05.2018 | 47,07,214 | 13,83,624 | | 33,23,590 |

## 4-7 സ്ഥിരനിക്ഷേപത്തിന്റെ വിവരം

വർഷാവസാനംഅവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.എം.എസ് മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഷെയർ | 21.02.2016 | ലഭ്യമല്ല | 10,000 | നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. |
| ആകെ | | | | 10,000 | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-11 | 2006-07 | 3.79.18.16 | മുയിപ്പോത്ത് അഴുക്കുചാൽ | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2002-03 | 2-24 | 2006-07 | 3.79.17.11 | പുറക്കാമല ടാങ്ക് | |
| 2000-01 | | 2011-12 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | |
| | | 2011-12 | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ | നിയമസഭാ സമിതി പരിഗണി ക്കാനിരിക്കുന്നു |
| | | 2014-15 അവലോകനം | 4-2-2 | മണൽ | |
| 2014-15 | 2-1 | 2016-17 | അനുബന്ധം - 3 | വസ്തു നികുതി അപാകങ്ങൾ | നിയമസഭാ സമിതി പരിഗണി ക്കാനിരിക്കുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകങ്ങൾ | |
| 2017-18 | 3-2 | 2018-19 | | തനത്ഫണ്ടിൽ നിക്ഷേപിച്ച പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റി | |

| | | | | | |
|---|---|---|---|---|---|
| | | | | ചെലവഴിച്ച | |
| 2019-20 | 1-17 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) പേയ് മെന്റ് | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,31,88,309 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,93,08,172 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,08,314 |

ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ട തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർച്ചാർജ്ജ് | |
| 3-1 | -- | 20,000 | ശ്രീമതി.ബിജുന.എൻ, ഹെഡ്മിസ്ട്രസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 1,39,697 | ഡോ. സിബി രവീന്ദ്രൻ , മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-9 | 1,19,544 | ശ്രീ. ശ്രീ.രാമചന്ദ്രൻ, സെക്രട്ടറി |
| 1-10 | 10,217 | ശ്രീ. വിനോദ് കുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 1-10 | 10,217 | ശ്രീ. റഫീഖ്.സി.കെ,സെക്രട്ടറി |
| 1-10 | 10,217 | ശ്രീ.രാമചന്ദ്രൻ, സെക്രട്ടറി |
| 1-11 | 8,21,180 | ശ്രീ.ഷൈജിത്ത്.ഐ, വി.ഇ.ഒ |
| 1-12 | 47,242 | ശ്രീ.രാമചന്ദ്രൻ, സെക്രട്ടറി |
| 1-19 | 50,000 | ശ്രീ.ഷൈജിത്ത്.ഐ, വി.ഇ.ഒ |
| ആകെ | 12,08,314 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ഇനം | തുക |
|---|---|---|
| 1-16 | ടി.ഡി.എസ് | 28,251 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിജ്ന.എൻ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എം, എൽ.പി.എസ്, ആവള | പ്രേമാലയം, ആവള |
| ഡോ. സിബി രവീന്ദ്രൻ മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ,ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | സൗപർണിക, തിക്കോടി, 673529 |
| ശ്രീ.രാമചന്ദ്രൻ, സെക്രട്ടറി | അവധിയിൽ പ്രവേശിച്ചു. | മണയത്ത് ഹൗസ്, എടക്കുളം.പി.ഒ, കൊയിലാണ്ടി. |
| ശ്രീ. വിനോദ് കുമാർ, സെക്രട്ടറി | സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത് | സായിശ്രീ, വെള്ളക്കോട്ട് പറമ്പ്, കോഴിക്കോട് |
| ശ്രീ. റഫീഖ്.സി.കെ, സെക്രട്ടറി | സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത് | രഷജ് ഹൗസ് , ചിങ്ങപുരം.പി.ഒ, തിക്കോടി -673529 |

| | | |
|---|---|---|
| ശ്രീ.ഷൈജിത്ത്.ഐ, വി.ഇ.ഒ | വി.ഇ.ഒ,മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | മേഘമൽഹാർ, മുയിപ്പോത്ത്.പി.ഒ,673524 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ കെ.കെ.ഡി പി5/310/ 2022(2) തി.09.11.2022 | 1 | 18 |
| 1999-00 | കെ.എസ്.എ കെ.കെ.ഡി പി5/310/ 2022(3) തി.09.11.2022 | 4 | 35, 36, 38, അനുബന്ധം -1 |
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി. പി9/1028/ 2020(5) തി.12.01.2021 | 1 | 3-6(2) |
| 2002-03 | കെ.എസ്.എ കെ.കെ.ഡി പി5/1197/ 2022 തി.09.11.2022 | 2 | 2-11, 2-24 |
| 2003-04 | കെ.എസ്.എ കെ.കെ.ഡി പി5/310/ 2022 തി.09.11.2022 | 2 | 3-6, 3-7 |
| 2005-06 | കെ.എസ്.എ കെ.കെ.ഡി പി5/310/ 2022(6) തി.09.11.2022 | 1 | 3-8 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ കെ.കെ.ഡി പി9/194/ 2022 തി.09.11.2022 | 16 | 2-1, 2-3മുതൽ2-13 വരെ, 3-10 |
| 2007-08 | കെ.എസ്.എ കെ.കെ.ഡി പി5/310/ 2022(2) തി.09.11.2022 | 1 | 3-15(2) |
| 2008-09 | കെ.എസ്.എ കെ.കെ.ഡി പി9/194/ 2022(2) തി.09.11.2022 | 1 | 3-10 |
| 2010-11 & 2011-12 | കെ.എസ്.എ കെ.കെ.ഡി പി9/194/ 2022(7) തി.09.11.2022 | 5 | 3-3,3-8,3-9,3-19,3-20 |
| 2012-13 | കെ.എസ്.എ കെ.കെ.ഡി പി5/1197/ 2022(1) തി.09.11.2022 | 5 | 3-2, 3-3, 3-6, 3-8, 3-14 |
| 2013-14 & 2014-15 | കെ.എസ്.എ കെ.കെ.ഡി പി5/737/ 2022 തി.10.11.2022 | 8 | 2-1, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി4/2075/2016 തി.30.11.2016 | 6 | 2-3,3-8, 3-14,3-16, 3-18, 3-19 |
| 2016-17 | കെ.എസ്.എ കെ.കെ.ഡി പി5/737/ 2022(2) തി.09.11.2022 | 3 | 3-8, 3-10,3-14 |
| 2017-18 | കെ.എസ്.എ കെ.കെ.ഡി പി5/310/ 2022(8) തി.09.11.2022 | 7 | 3-1,3-2, 3-6,3-10,3-11, 3-13,3-14, 3-15(1),3-18, 3-19 |
| 2018-19 | കെ.എസ്.എ കെ.കെ.ഡി പി5/310/ 2022(9) തി.10.11.2022 | 3 | 1-13, 1-14,1-17 |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി. പി5/269/2021 തി.11.04.2022 | 13 | 1-1, 1-5, 1-11(1,2,3),1-12,1-14, 1-16, 1-17, 1-19,1-25, 1-26, 1-29 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി5/1269/2021 തി.11.04.2022 | 46 | 1-1 മുതൽ 1-35 വരെ, 4-1 മുതൽ 4-11 വരെ |
| 2021-22 | കെ.എസ്.എ കെ.കെ.ഡി പി5/2417/ 2022തി.13.01.2023 | 38 | 1-1 മുതൽ 1-26 വരെ, 2-1, 4-1 മുതൽ 4-11വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1)/23 dated 20-06-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Cheruvannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cheruvannur Grama Panchayat for the year 2022-2023

Date: 01/12/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Cheruvannur Grama Panchayat for the Year 2022-2023.

**1.Major Observations**

1.The Mandatory financial statements prescribed in accounting rules are not submitted for audit (eg:- Ratios and Notes)

2.Non disclosure Of Liability

**2.Other Observations**

1 .Cashflow statement-Net increase/ Decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents .

2.Stock Register , does not match with Accounts.

3.Discrepencies in carrying forward of the closing balance in the year in respect of liabilities in Deposit Register

4.E- Tender Fee does not Accounted

5.Balance Loan Amounts are not accounted in Schedule B16

6.Receivables of Redemption are not accounted in Schedule B-15

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്